# കേരള സർവകലാശാല

നം.പി.ആർ.36/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഫെബ്രുവരി 18 ന് നടത്താനിരുന്ന പരീക്ഷകളുടെ പുതുക്കിയ തീയതികൾ വെബ്സൈറ്റിൽ.

2019 ഫെബ്രുവരി – മാർച്ചിൽ നടക്കുന്ന റെഗുലർ ബി.ടെക് ആറാം സെമസ്റ്റർ (2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന ആറും, നാലും സെമസ്റ്റർ ബി.ടെക് പാർട്ട് – ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

ഫെബ്രുവരി 18 ന് നടത്താനിരുന്ന സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബയോകെമിസ്ട്രി, പോളിമർ കെമിസ്ട്രി വിഷയങ്ങളുടെ പ്രാക്ടിക്കൽ 2019 ഫെബ്രുവരി 19 ന് അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

### പരീക്ഷാഫീസ്

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2019 ഏപ്രിൽ 24 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ, മേയ് 20 മുതൽ നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ 2019 മാർച്ച് 25 വരെയും 50 രൂപ പിഴയോടെ മാർച്ച് 28 വരെയും 125 രൂപ പിഴയോടെ ഏപ്രിൽ 1 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (റെഗുലർ, സപ്ലിമെന്ററി & ഈവനിംഗ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും പിഴ കൂടാതെ 2019 മാർച്ച് 7 വരെയും പിഴയോടെ മാർച്ച് 14 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ചിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ 2018 അഡ്മിഷൻ റെഗുലർ ബി.എ/ബി.എസ്.സി/ ബി.കോം/ബി.പി.എ/ബി.ബി.എ/ബി.സി.എ/ബി.എം.എസ്/ബി.എസ്.ഡബ്ല്യൂ/ബി.വോക് കരിയർ റിലേറ്റഡ് സി.ബി.സി.എസ് പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 2019 ഫെബ്രുവരി 27 വരെയും 50 രൂപ പിഴയോടെ മാർച്ച് 2 വരെയും 125 രൂപ പിഴയോടെ മാർച്ച് 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

ഫെബ്രുവരി 25 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് I, II & III സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് & അക്കൗണ്ടിംഗ് (2018 ഒക്ടോബർ സെഷൻ) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രങ്ങൾ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, പെരിങ്ങമല ഇക്ബാൽ കോളേജ്, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം ഗവൺമെന്റ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

പുനലൂർ എസ്.എൻ കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ്, കായംകുളം എം.എസ്.എം കോളേജ്, കൊട്ടാരക്കര എസ്.ജി കോളേജ്, ശാസ്താംകോട്ട ഡി.ബി കോളേജ്, ചാത്തന്നൂർ എസ്.എൻ കോളേജ്, കൊല്ലം എസ്.എൻ വിമൻസ് കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്, അഞ്ചൽ സെന്റ് ജോൺസ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## പിഎച്ച്.ഡി പ്രവേശന പരീക്ഷ

2019 ലെ പിഎച്ച്.ഡി പ്രവേശന പരീക്ഷയ്ക്ക് ഫെബ്രുവരി 19 മുതൽ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 2. വിശദവിവരങ്ങൾക്ക് www.research.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരീക്ഷാഫലം

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, എം.എസ്.സി ഇലക്ട്രോണിക്സ് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

## തീയതി നീട്ടി

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി 2019 ഫെബ്രുവരി 23 വരെ നീട്ടിയിരിക്കുന്നു.

സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സയൻസ് ലക്ചററിനെ നിയമിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2019 ഫെബ്രുവരി 22 5.00 P.M വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ recruit.keralauniversity.ac.in എന്ന വെബ്സൈറ്റിൽ.

തിരുവനന്തപുരം.
18.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098